(കെ) ഇവരെ സർവീസിൽ റഗുലറൈസ് ചെയ്യുവാൻ ഉദ്ദേശമുണ്ടോ;

(എൽ) പി.എസ്.സി. വഴിയല്ലാതെ താൽക്കാലികമായി നിയമിച്ച് ഗസറ്റഡ് തസ്തികയിലുള്ള ശമ്പളം കൊടുക്കുന്ന ഇവരെ റഗുലറൈസ് ചെയ്യുന്നത് ക്രമാനുസൃതമാണോ?

ഉത്തരം

(എ) 1997 ജൂണിൽ 49 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിയമിക്കുകയുണ്ടായി.

(ബി) ഒരു വർഷം

(സി) കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നടത്തിയത്.

(ഡി) പ്രതിമാസം 2500/- രൂപ കൺസോളിഡേറ്റഡ്

(ഇ) രണ്ടു തവണ. ജി.ഒ. (ആർ.റ്റി) 228/98 എഫ്.ആന്റ് ഡി. തീയതി 23.5.98 പ്രകാരം ഒരു വർഷത്തേക്കും ജി.ഒ. (എം.എസ്.)15/99 എഫ്.ആന്റ് പി.ഡി. തീയതി 5.6.99 പ്രകാരം വീണ്ടും ഒരു വർഷത്തേയ്ക്കും

(എഫ്) കോൺട്രാക്ട് പുതുക്കാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) സർക്കാർ ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിച്ചു.

(എച്ച്) ജി.ഒ.(എം.എസ്)11/99 എഫ് ആന്റ്.പി.ഡി. 7.4.99 ഉത്തരവ് പ്രകാരം 2000-3200 (പ്രീ-റിവൈസ്ഡ്) ശമ്പളസ്കെയിൽ ഏർപ്പെടുത്തുകയുണ്ടായി.

(ഐ) താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവിലേക്ക് എംപ്ലോയ്മെന്റ് മുഖാന്തിരം നിയമനം നൽകുന്നവർക്ക് 180 ദിവസത്തിൽ കൂടുതൽ നൽകരുതെന്ന് ഉത്തരവ് നിലവിലുണ്ട്.

(ജെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന വ്യവസ്ഥയിൽ അല്ല എക്സ്റ്റെൻഷൻ ഓഫീസർമാരെ നിയമിച്ചിട്ടുള്ളത്.

(കെ) ഇല്ല.

(എൽ) മുൻപിരിവിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

5 (419) . പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ

ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എവിടെയെല്ലാം മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നുണ്ട്;

(ബി) ഇവയുടെ ശിലാസ്ഥാപനം എന്ന് നടത്തുവാൻ ഉദ്ദേശിക്കുന്നു;

(സി) ഇവയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുകഴിഞ്ഞുവോ;

(ഡി) ഇവയുടെ അടങ്കൽതുക എത്രവീതമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ വർഷത്തെ ബഡ്ജറ്റിൽ ഈ ജോലികൾക്കുവേണ്ടി എന്തു തുക ഉൾപ്പെടുത്തിയിട്ടുണ്ട്;

(എഫ്) ഇവയുടെ ടെൻഡർ വിളിച്ചുവോ?

ഉത്തരം

(എ) മുതലപ്പൊഴി, പൊന്നാനി, തലായി എന്നിവിടങ്ങളിൽ.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) കേന്ദ്രാനുമതിക്ക് വിധേയമായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ഡി) മുതലപ്പൊഴി - 1460 ലക്ഷം രൂപ
പൊന്നാനി - 2970 ,,
തലായി - 1370 ,,

(ഇ) ഓരോ തുറമുഖത്തിനും 2 ലക്ഷം രൂപ വീതം ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഇല്ല.

6 (420) ജലകൃഷി വിദഗ്ദ്ധരുടെ സേവനം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഡയറക്ടറുടെ 4.3.97 ലെ എ2. 58/96 എന്ന ഉത്തരവ് അനുസരിച്ച് എത്ര ജലകൃഷി വിദഗ്ദ്ധരെയാണ് മത്സ്യകൃഷി കർഷകവികസന ഏജൻസിയിൽ നിയമിച്ചത്;

(ബി) ഇവരെ കോൺട്രാക്ട് അടിസ്ഥാനത്തിലാണോ നിയമിച്ചത്;

(സി) ഇവരുടെ ശമ്പളം എത്രയായിരുന്നു;

(ഡി) ഇവരുടെ നിയമനകാലാവധി എപ്പോഴെല്ലാം നീട്ടി.

(ഇ) ഇവരുടെ നിയമനം നീട്ടിയപ്പോഴെല്ലാം കോൺട്രാക്ട് പുതുക്കുകയുണ്ടായോ;

(എഫ്) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ജി) താൽക്കാലികരായി നിയമിച്ച ഗസറ്റഡ് പോസ്റ്റ് വഹിക്കുന്ന ഇവരുടെ നിയമനം റഗുലറൈസ് ചെയ്യുന്നത് ക്രമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 4.3.97 ലെ എ2/ 58/99 ഉത്തരവ് പ്രകാരം 19 പേരെ ജലകൃഷി വിദഗ്ദരായി നിയമിച്ചു.

(ബി) കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്.

(സി) 2000-3200 ആണ് ശമ്പളനിരക്ക്.

(ഡി) ഇവരുടെ നിയമനകാലാവധി 10.3.98 ലെ ജി.ഒ.(ആർ.റ്റി) 75/98/എഫ്. ആന്റ് പി.ഡി. പ്രകാരം ഒരുവർഷത്തേക്കും 10.3.99 ലെ ജി.ഒ. (ആർ.റ്റി)122/99 എഫ്. ആന്റ് പി.ഡി. പ്രകാരം വീണ്ടും ഒരു വർഷത്തേയ്ക്കും കൂടി നീട്ടി നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly